"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസവകുപ്പ്- മലപ്പുറം ജില്ല-പൊന്നാനി ടി.ഐ.യു.പി. സ്കൂളിലെ അറബിക് അധ്യാപിക- ശ്രീമതി ഫസീല പി. തസ്തികയില്ലാതെ പുറത്തുനിന്ന 16/06/2021 മുതൽ 04/11/2021 വരെയുള്ള കാലയളവ് നോൺഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.4655/2022/GEDN തീയതി,തിരുവനന്തപുരം, 08-08-2022

---

പരാമർശം:-

1. 12/5/2015 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എസ് സി (2) 31999/2015/DPI നമ്പർ ഉത്തരവ്
2. 15/6/2020 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ജി2/5018/2020/ഡിജിഇ /കെ ഡിസ് നമ്പർ ഉത്തരവ്
3. 05/03/2022 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ DGE/2001/2022-E4 നമ്പർ റിപ്പോർട്ട്

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ പൊന്നാനി ടി.ഐ.യു.പി. സ്കൂളിലെ അറബിക് അധ്യാപികയായ ശ്രീമതി ഫസീല പി. യ്ക്ക് വിദേശത്തുള്ള ഭർത്താവിന്റെ പരിചരണാർത്ഥം പരാമർശം 1 പ്രകാരം 16/06/2015 മുതൽ 15//06/2020 വരെ 5 വർഷത്തേയ്ക്ക് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിരുന്നു. പരാമർശം 2 പ്രകാരം 16/06/2020 മുതൽ 15/06/2021 വരെ ഒരുവർഷത്തേയ്ക്ക് ദീർഘിപ്പിച്ചും ഉത്തരവായിരുന്നു. ടി അവധി അവസാനിച്ചതിനെ തുടർന്ന് തിരികെ സർവീസിൽ പ്രവേശിച്ചുവെങ്കിലും തസ്തികയില്ലാത്തതിനാൽ സ്കൂളിൽ നിന്നും വിട്ടുനിന്ന 16/06/2021 മുതൽ 04/11/2021 വരെയുള്ള കാലയളവ് നോൺഡ്യൂട്ടിയായോ മറ്റേതെങ്കിലും അവധിയായോ മാറ്റുന്നതിന് വേണ്ട അനുമതി നൽകണമെന്ന് പരാമർശം 3 പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അപേക്ഷിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തസ്തിക നഷ്ടപ്പെട്ട് പുറത്തുനിന്ന കാലയളവ് അവധിയായോ ഡ്യൂട്ടിയായോ ക്രമീകരിക്കുന്നതിന് കെ.എസ്സ്.ആർ. ൽ വ്യവസ്ഥയില്ലാത്തതിനാലും ഏതൊരു ഉദ്യോഗസ്ഥനും അവധി അനുവദിക്കണമെങ്കിൽ അവധിയിൽ പോകാതിരുന്നുവെങ്കിൽ ഒഫിഷ്യേറ്റ് ചെയ്യുന്നതിന് ഒരു തസ്തിക അനിവാര്യമായതിനാലും അവധിക്കാലത്ത് Continued Officiation ന് ഒരു തസ്തിക ഉണ്ടെങ്കിൽ മാത്രമേ ജീവനക്കാരന് അവധിയ്ക്ക് അർഹതയുള്ളൂവെന്നതിനാലും കെ.എസ്.ആർ., ഭാഗം ഒന്ന്, അനുബന്ധം XII-C പ്രകാരമുള്ള ശൂന്യവേതന അവധിയ്ക്ക് ശേഷം ശ്രീമതി ഫസീല പി. തസ്തികയില്ലാതെ പുറത്തുനിന്ന 16/06/2021 മുതൽ 04/11/2021 വരെയുള്ള കാലയളവ് നോൺഡ്യൂട്ടിയായി ക്രമീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA.S.GEORGE
അണ്ടർ സെക്രട്ടറി

പകർപ്പ്:-
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം -695 001

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പൊന്നാനി, മലപ്പുറം ജില്ല

ശ്രീമതി ഫസീല.പി, ജൂനിയർ അറബിക് അദ്ധ്യാപിക, ടി.ഐ.യു.പി.എസ്, പൊന്നാനി, മലപ്പുറം ജില്ല

ഹെഡ് മാസ്റ്റർ, ടി.ഐ.യു.പി.എസ്, പൊന്നാനി, മലപ്പുറം ജില്ല

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

**Signed by Mini.t.r.**
**Date: 08-08-2022 15:36:27**
സെക്ഷൻ ഓഫീസർ